**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം.**

**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കാര്യാലയം**

**തിരുവനന്തപുരം**

**(ഹാജർ- ഡോ. രത്തൻ ഖേൽക്കർ ഐ.എ.എസ്)**

വിഷയം:- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം - കൃഷി ഫീൽഡ് ആഫീസർ തസ്തികയിൽ സ്ഥലംമാറ്റവും, സ്ഥാനക്കയറ്റവും നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 128/2019/എഡി തീയതി 06-02-2019.

2. മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 24/07/2019 ലെ ഇ(1) 818/17 നമ്പർ കത്ത്.

3. ശ്രീ.റ്റി.കെ.മൂസ, കൃഷി ഫീൽഡ് ഓഫീസറുടെ തീയതിയിലെ അപേക്ഷ.

**ഉത്തരവ് നം. എസ്. ഇ(2) 5700/2019 തീയതി 02/10/2019**

ഉപരി പരാമർശം (2) പ്രകാരം മലപ്പുറം കൃഷി ഭവനിൽ കൃഷി ഫീൽഡ് ഓഫീസറുടെ ഒഴിവ് ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ഒഴിവിലേക്ക് പരാമർശം (3) പ്രകാരമുള്ള അപേക്ഷ പരിഗണിച്ച് താഴെ രേഖപ്പെടുത്തിയിരിക്കും പ്രകാരം സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും, നിലവിൽ ജോലിചെയ്യുന്ന തസ്തികയും, കാര്യാലയവും | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|---|
| 1 | ശ്രീ.റ്റി.കെ.മൂസ, കൃഷി ഫീൽഡ് ഓഫീസർ, കൃഷിഭവൻ, കാഞ്ഞങ്ങാട്, കാസർഗോഡ് | കൃഷി ഫീൽഡ് ആഫീസർ, കൃഷി ഭവൻ, മലപ്പുറം (ശ്രീ.കെ.ജോഷി,കൃഷി ഫീൽഡ് ആഫീസർ എൽ.പി.ആറിൽ പ്രവേശിച്ച ഒഴിവിൽ). |

ഉപരി പരാമർശം (1) പ്രകാരം 2019 വർഷത്തെ കൃഷി ഫീൽഡ് ആഫീസർ തസ്തികയിലേക്ക് യോഗ്യരായ അസിസ്റ്റന്റ് കൃഷി ആഫീസർമാരുടെ പട്ടിക അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. വകുപ്പിൽ നിലവിൽ കൃഷി ഫീൽഡ് ആഫീസർ തസ്തികയിലെ ഒഴിവിലേക്ക് പരാമർശം (1) പ്രകാരമുള്ള യോഗ്യതാ പട്ടികയിലെ ക്രമ നമ്പർ 18 ആയ അസിസ്റ്റന്റ് കൃഷി ആഫീസർക്ക് സ്ഥാനക്കയറ്റം നൽകി 35700-75600 ശമ്പളസ്കെയിൽ കൃഷി ഫീൽഡ് ആഫീസറായി ചുവടെ പറയുന്ന പട്ടിക പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

SR Type 20 2019-19

| ക്രമ നമ്പർ | പേരും, നിലവിൽ ജോലിചെയ്യുന്ന തസ്തികയും, കാര്യാലയവും | സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെടുന്ന ഓഫീസ് |
|---|---|---|
| 1 | ശ്രീ.പി.മണികണ്ഠൻ, അസിസ്റ്റന്റ് കൃഷി ഓഫീസർ, കൃഷി ഭവൻ, ഇഴുവത്തുരുത്തി, മലപ്പുറം. | കൃഷി ഫീൽഡ് ആഫീസർ, കൃഷി ഭവൻ, കാഞ്ഞങ്ങാട്, കാസർഗോഡ്. (ശ്രീ.റ്റി.കെ.മൂസ, കൃഷി ഫീൽഡ് ആഫീസർ സ്ഥലംമാറുന്ന ഒഴിവിൽ. |

മേൽ പട്ടിക പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച കൃഷി ഫീൽഡ് ആഫീസർ പ്രൊമോഷൻ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ ഒരു വർഷ കാലയളവിനുള്ളിൽ ആറുമാസത്തെ പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതാണ്. ടി ജീവനക്കാരൻ വിടുതൽ ചെയ്ത/ ജോലിയിൽ പ്രവേശിച്ച വിവരം ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ആർ.റ്റി.സി പകർപ്പസഹിതം ഈ കാര്യാലയത്തെയും, അക്കൗണ്ടന്റ് ജനറലിനെയും യഥാസമയം അറിയിക്കേണ്ടതാണ്.

ടി ജീവനക്കാരന്റെ സേവനപുസ്തകം, (ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തിയ ശേഷം) അന്തിമ വേതനപത്രം, ഗസറ്റഡ് എൻറൈറ്റിൽമെന്റ് രജിസ്റ്റർ ആർ.റ്റി.സി പകർപ്പ് എന്നിവ സഹിതം പുതിയ ശമ്പളനിർണ്ണയത്തിനായി ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ നേരിട്ട് അക്കൗണ്ടന്റ് ജനറലിനു കൈമാറേണ്ടതാണ്. നോൺ ഗസറ്റഡ് സേവനപുസ്തകം അക്കൗണ്ടന്റ് ജനറലിൽ നിന്നും തിരികെ ലഭ്യമായശേഷം സൂക്ഷിപ്പിനായി ഈ കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

ടി ജീവനക്കാർ നിയമസഭാ ഉപതെരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, പ്രസ്തുത ഡ്യൂട്ടി നിർവ്വഹിക്കേണ്ടതാണ്.

— ഒപ്പ് –

**കാർഷിക വികസന കർഷകക്ഷേമ വകുപ്പ്**
**ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ മുഖേന)

**പകർപ്പ്**

1. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ ക...
2. പ്രിൻസിപ്പൽ കൃഷി ഓഫീസർ, മലപ്പുറം/ കാസർഗോഡ്
3. ഐ.റ്റി.സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. എസ്.ഇ (3) സെക്ഷൻ
5. സ്റ്റോക്ക് ഫയൽ/അധികം

Junior Superintendent
SE Section
Directorate of Agriculture
Thiruvananthapuram-33

SA/type 20 20/9/19